LIBRARY ARCHIVES Kerala Legislative Assembly

ഓഫീസുകൾക്ക് കമ്പ്യൂട്ടർവൽക്കരണത്തിന് അനുവദിച്ച തുക

5 [5459] ശ്രീ. സി. കെ. നാണു:
ഡോ. എ. നീലലോഹിതദാസൻ നാടാർ:
ശ്രീ. എ. സി. ഷൺമുഖദാസ്:
,, കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സർക്കാർ ഓഫീസുകൾക്ക് കമ്പ്യൂട്ടർവൽക്കരണത്തിന് എത്ര തുക അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) ഏതെല്ലാം വകുപ്പുകൾക്ക് എത്ര തുക വീതം അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) ഈ സാമ്പത്തിക വർഷം ഏതെല്ലാം വകുപ്പുകൾക്ക് എത്ര തുകവീതം അനുവദിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2001-02, 2002-03 സാമ്പത്തിക വർഷങ്ങളിൽ വിവിധ വകുപ്പുകൾക്ക് കമ്പ്യൂട്ടർവൽക്കരണത്തിനായി ആകെ 51.50 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു.

(ബി) ഇത് സംബന്ധിച്ച വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.

(സി) നടപ്പു സാമ്പത്തിക വർഷം വിവിധ വകുപ്പുകൾക്ക് കമ്പ്യൂട്ടർവൽക്കരണത്തിനായി 49.11 കോടി രൂപ ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുണ്ട്. വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

പ്ലാപ്പള്ളി-വണ്ടിപ്പെരിയാർ റോഡ് നിർമ്മാണത്തിന് ഭരണാനുമതി

6 [5460] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാപ്പള്ളി-വണ്ടിപ്പെരിയാർ റോഡ് നിർമ്മാണത്തിന് ഭരണാനുമതി ലഭിക്കുവാനുള്ള ഫയൽ എന്നാണ് പൊതുമരാമത്ത് വകുപ്പിന്റെ പക്കൽനിന്നും ധനകാര്യ വകുപ്പിൽ എത്തിച്ചേർന്നത്;

(ബി) ഒരു ഫയൽ ഇങ്ങനെ ലഭിച്ചാൽ എത്ര നാളുകൾക്കുള്ളിൽ തീരുമാനമെടുക്കണമെന്നാണ് ഇപ്പോഴത്തെ വ്യവസ്ഥ;

(സി) ഫയൽ തീരുമാനമെടുക്കാതെ പിടിച്ചുവച്ചത് ഏത് ഉദ്യോഗസ്ഥനാണ്;

(ഡി) ഫയൽ തടഞ്ഞുവച്ചതിന്റെ കാരണങ്ങൾ വെളിപ്പെടുത്താമോ;

(ഇ) പ്ലാപ്പള്ളി-വണ്ടിപ്പെരിയാർ റോഡിന്റെ എ.എസ്സിനുള്ള ഫയൽ തടഞ്ഞുവച്ച ഉദ്യോഗസ്ഥനോട് വിശദീകരണം ആവശ്യപ്പെടുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ—ഇ) ഈ വിഷയം സംബന്ധിച്ച ഫയൽ പൊതുമരാമത്ത് വകുപ്പിൽനിന്നും ധനകാര്യ വകുപ്പിലേയ്ക്ക് അയച്ചിട്ടില്ല.

† അനുബന്ധം III